**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 666** | **24-08-2022 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ഇ.ബി.-യുടെ പ്രവർത്തന ലാഭം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . ഐ .സി .ബാലകൃഷ്ണൻ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | 2021-22 സാമ്പത്തിക വർഷത്തിൽ കെ.എസ്.ഇ.ബി. -ക്ക് 1466 കോടിയുടെ പ്രവർത്തനലാഭമുണ്ട് എന്ന് അവകാശപ്പെടുമ്പോൾ വൈദ്യുതി ചാർജ് വർദ്ധിപ്പിക്കുന്നതിനുള്ള കാരണം വിശദമാക്കാമോ; | (എ) | സംസ്ഥാനത്തെ വിവിധ വിഭാഗം ഉപഭോക്താക്കളുടെ താരിഫ് നിർണ്ണയിക്കാനുള്ള അധികാരം വൈദ്യുതി നിയമം 2003-ലെ 45, 62, 86 എന്നീ വകുപ്പുകൾ പ്രകാരം സംസ്ഥാന റെഗുലേറ്ററി കമ്മീഷനിൽ പ്രത്യേക അവകാശമായി നിക്ഷിപ്തമാണ്. കേരള സംസ്ഥാന ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിച്ച താരിഫ് നിർണ്ണയ ചട്ടങ്ങൾ, 2021-ലെ 85(5) പ്രകാരം കണക്കാക്കുന്ന വൈദ്യുതിയുടെ ശരാശരി വിലയുടെ (Average Cost of Supply) അടിസ്ഥാനത്തിലാണ് വിവിധ വിഭാഗം ഉപഭോക്താക്കളുടെ താരിഫ് നിർണ്ണയിക്കുന്നത്. സഞ്ചിത കമ്മി, പണപ്പെരുപ്പം, കൽക്കരി, ഫോസിൽ ഇന്ധനങ്ങൾ ഇവയിലുണ്ടായ അമിത വില വർദ്ധനവ് എന്നിവ മൂലം വൈദ്യുതി നിരക്ക് വർദ്ധനവ് അനിവാര്യമായിത്തീർന്നു.<br><br>കെ.എസ്. ഇ. ബി. എൽ. - ന്റെ ബഡ്ജറ്റ് മാനുവൽ അനുസരിച്ചാണ്, ഓരോ സാമ്പത്തിക വർഷത്തിലും ഫിനാൻഷ്യൽ ബഡ്ജറ്റ് തയ്യാറാക്കിയിട്ടുള്ളത്. കമ്പനിയിൽ ബഡ്ജറ്ററി കൺട്രോൾ നടപ്പിലാക്കി, സാമ്പത്തികമായി അച്ചടക്കത്തോടെയുള്ള പ്രവർത്തനത്തോടൊപ്പം പ്രസരണ വിതരണ ശൃംഖല ശാക്തീകരണ ഫലമായി കൂടുതൽ വൈദ്യുതി വില്പന ലക്ഷ്യം വച്ചാണ് ബഡ്ജറ്റ് തയ്യാറാക്കുന്നത്.<br><br>റെഗുലേറ്ററി കമ്മീഷൻ നിലവിൽ വന്നതിനു ശേഷം സംസ്ഥാനത്ത് ആദ്യമായി വൈദ്യുതി താരിഫ് പരിഷ്കരണം നടന്നിട്ടുള്ളത് 2002-ലാണ്. പ്രസ്തുത പരിഷ്കരണം കഴിഞ്ഞ് പത്ത് വർഷ കാലയളവിനു ശേഷം 2012-ലാണ് അടുത്ത താരിഫ് പരിഷ്കരണം നടന്നത്. പിന്നീട് 2013, 2014, 2017 എന്നീ വർഷങ്ങളിലും താരിഫ് പരിഷ്കരണം നടന്നിട്ടുണ്ട് . 2012 ൽ 24%, 2013 ൽ 9.1%, 2014 ൽ 6.7%, 2017 ൽ 4.77% 2019 ൽ 7.32% |

എന്നിങ്ങനെയായിരുന്നു വർദ്ധനവ്. എന്നിരുന്നാലും ഈ താരിഫ് പരിഷ്കരണങ്ങളൊന്നും തന്നെ അന്ന് നിലവിലുണ്ടായിരുന്ന റവന്യൂ കമ്മി പൂർണ്ണമായും നികത്തുന്ന തരത്തിലായിരുന്നില്ല. കമ്മീഷൻ അംഗീകരിച്ചതും എന്നാൽ 2021 വരെ താരിഫിലൂടെ നികത്താത്തതുമായ പഴയ കാല റവന്യൂ കമ്മി 7124 കോടിയോളം രൂപയായി നിലനിൽക്കുന്നു.

2016 - ലെ ദേശീയ വൈദ്യുതി നയമനുസരിച്ച് ഇപ്രകാരം അംഗീകരിക്കപ്പെട്ട വരുമാന കമ്മി ഏറിയ പക്ഷം ഏഴ് വർഷം കൊണ്ട് അതിന്റെ പലിശ ഉൾപ്പെടെ നികത്തിയെടുക്കേണ്ടതാണ്.

നിലവിലെ സാഹചര്യത്തിൽ സംസ്ഥാനത്തിന്റെ മൊത്തം വൈദ്യുതി ആവശ്യകതയുടെ ശരാശരി 70 ശതമാനം പുറത്തു നിന്നും വാങ്ങേണ്ടതായി വരുന്നു. ഊർജ്ജ മേഖലയിൽ 2019 ന് ശേഷം വന്ന മാറ്റങ്ങൾ, കൽക്കരി വിലയിൽ ഉണ്ടായ വർദ്ധനവ്, പാരിസ്ഥിതിക ആഘാതം കുറക്കുന്നതിനുവേണ്ടി നിർബന്ധമായും പാലിക്കേണ്ട കാര്യങ്ങൾ, കസ്റ്റംസ് തീരുവ, കൽക്കരി ക്ഷാമം, Ash Transportation എന്നിവ കാരണം വൈദ്യുതി വാങ്ങൽ ചെലവും ഗണ്യമായി കൂടിയിട്ടുണ്ട്. രാജ്യത്തിലെ കൽക്കരി ക്ഷാമം കാരണം കേന്ദ്ര വൈദ്യുതി മന്ത്രാലയം രാജ്യത്തിലെ താപ വൈദ്യുതി നിലയങ്ങളോട് 10% മുതൽ 30 % വരെ രാജ്യത്തിന് പുറത്തു നിന്നും ഇറക്കുമതി ചെയ്യുന്ന കൽക്കരി നിർബന്ധമായി ഉപയോഗിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ആയതിനാൽ വൈദ്യുതി വാങ്ങലിന് വേണ്ടിയുള്ള എനർജി ചാർജ്ജിൽ 29% മുതൽ 87% ( യൂണിറ്റിന് 1 രൂപ മുതൽ 1.50 രൂപ) വരെ വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

കൂടാതെ കഴിഞ്ഞ കൺട്രോൾ പീരീഡ് കാലയളവിൽ (2018 – 2022) പണപ്പെരുപ്പം പോലുള്ള കാരണങ്ങളാൽ വർദ്ധിച്ചുവരുന്ന പ്രവർത്തി പരിപാലന ചെലവുകൾ, അവശ്യം നടത്തപ്പെടേണ്ട പ്രവർത്തന മൂലധന നിക്ഷേപ പ്രവർത്തികൾക്കുള്ള ചെലവുകൾ എന്നിവ വർദ്ധിപ്പിക്കുന്നു. അതിനാലാണ് ആവശ്യം വേണ്ട നിയമാനുസൃതമായ ചിലവുകൾ നിറവേറ്റുന്നതിനും, സ്ഥാപനത്തിന്റെ സുസ്ഥിരമായ നിലനിൽപ്പിനും വേണ്ടി താരിഫ് പരിഷ്കരണം നിർദ്ദേശിക്കാൻ KSEBL നിർബന്ധിതമായത്.

സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ അംഗീകരിച്ചതും, എന്നാൽ 2012 വരെ താരിഫിലൂടെ നികത്താത്തതുമായ പഴയ കാല റവന്യൂ കമ്മി 7124 കോടിയോളം രൂപയായി നിലനിൽക്കുന്നു. ഈ മുൻ

| | | | |
|---|---|---|---|
| | | | കാലകമ്മി കുറഞ്ഞൊരളവിലെങ്കിലും നികത്തിയില്ലെങ്കിൽ സ്ഥാപനത്തിന്റെ നിലനിൽപ്പിനെതന്നെ ദോഷകരമായി ബാധിക്കും.<br><br>വൈദ്യുതിയുടെ പ്രസരണ നഷ്ടം കുറവുള്ള സംസ്ഥാനങ്ങളിൽ ഒന്നാണ് കേരളം. തുടർന്നുള്ള ഏതൊരു കുറവിനും വലിയ തോതിലുള്ള മൂലധന നിക്ഷേപം ആവശ്യമായിട്ടുണ്ട്. ഇത് എല്ലാ വിഭാഗം ഉപഭോക്താക്കളുടെയും താരിഫിൽ വർദ്ധനയുണ്ടാക്കും. |
| (ബി) | കെ.എസ്.ഇ.ബി. -ക്ക് വരുമാനമിച്ചമുണ്ടാകുന്ന അവസരങ്ങളിൽ ആതിന്റെ വിഹിതം ഉപഭോക്താക്കൾക്ക് കൈമാറണമെന്ന് നിയമത്തിൽ വ്യവസ്ഥയുണ്ടോ; വിശദാംങ്ങൾ നൽകമോ; | (ബി) | 2021-22 ലെ ആഡിറ്റ് പൂർത്തിയായ കണക്കുകൾ പ്രകാരം 736.27 കോടി രൂപ പ്രവർത്തന ലാഭമുണ്ടായിട്ടുണ്ട്. എന്നാൽ ടി കണക്കുകൾ പ്രകാരം 19200 കോടി രൂപയുടെ സഞ്ചിത നഷ്ടമുണ്ട്. സംസ്ഥാന റെഗുലേറ്ററി കമ്മീഷൻ അംഗീകരിച്ചിട്ടുള്ള റവന്യൂ ഗ്യാപ്പ് നികത്തുന്നതിനായാണ് താരിഫ് വർദ്ധിപ്പിക്കുന്നത്. |
| (സി) | 2021-22 സാമ്പത്തിക വർഷത്തിൽ വരുമാനമിച്ചമുണ്ടായ സാഹചര്യത്തിൽ അതിന്റെ നേട്ടം ഉപഭോക്താക്കൾക്ക് നല്കാതിരിക്കുന്നതിനുള്ള കാരണം വിശദമാക്കാമോ? | (സി) | 2021-22 ലെ ആഡിറ്റ് പൂർത്തിയായ കണക്കുകൾ പ്രകാരം 736.27 കോടി രൂപ പ്രവർത്തന ലാഭമുണ്ടായിട്ടുണ്ട്. എന്നാൽ ടി കണക്കുകൾ പ്രകാരം 19200 കോടി രൂപയുടെ സഞ്ചിത നഷ്ടമുണ്ട്. സംസ്ഥാന റെഗുലേറ്ററി കമ്മീഷൻ അംഗീകരിച്ചിട്ടുള്ള റവന്യൂ ഗ്യാപ്പ് നികത്തുന്നതിനായാണ് താരിഫ് വർദ്ധിപ്പിക്കുന്നത്. |

സെക്ഷൻ ഓഫീസർ